**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 760** **02-02-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ സ്ത്രീശാക്തീകരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വനിത സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രൊജക്ടുകൾ നടപ്പിലാക്കാനും , വനിത സഹകരണ സംഘങ്ങളുടെ വികസനവും ലക്ഷ്യമാക്കി ചുവടെ പറയുന്ന പദ്ധതികൾക്കായി 2022-2023 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 300.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പദ്ധതിയുടെ ഗുണഭോക്താക്കൾ നൂറ് ശതമാനവും വനിതകളായിരിക്കും.<br><br>1. ദുർബലമായ വനിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സഹായം.<br>2. വനിത സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിത സംഘങ്ങൾക്കും, വനിത ഫെഡറേഷനും, ആധുനികവത്കരണത്തിനും, കമ്പ്യൂട്ടർ വത്കരണത്തിനുമായുള്ള സഹായം.<br>3. ചെറുകിട വ്യവസായം ആരംഭിക്കുന്നതിനും , തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുമായി വനിത സഹകരണ സംഘങ്ങൾക്കുള്ള സഹായം.<br>4. ഉൽപാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന വനിത സഹകരണ സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ പ്രോത്സാഹനമായി നൽകുന്നു.<br><br>സ്ത്രീ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനുതകുന്ന തരത്തിൽ അവർക്കുവേണ്ടി സംയോജിത വായ്പ/സേവന പ്രവർത്തനങ്ങൾ അംഗ സംഘങ്ങൾ വഴി നടപ്പാക്കുക എന്നതാണ് വനിതാഫെഡിന്റെ ലക്ഷ്യം. ഈ ലക്ഷ്യം സാധിക്കുന്നതിന്റെ ഭാഗമായി വനിതാ സംഘങ്ങൾ |

| | | | |
|---|---|---|---|
| | | | കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും, സംഘങ്ങൾ ഡ്രൈവിംഗ് സ്കൂൾ നടത്തുന്നതിനും, നീതിമെഡിക്കൽ സ്റ്റോറുകൾ നടത്തുന്നതിനും , വനിതാ സംഘങ്ങൾക്ക് വായ്പ നൽകി വരുന്നു. ഇതിനു പുറമെ വിവിധ സംഘങ്ങൾക്ക് പേപ്പർ/തുണി സഞ്ചി നിർമ്മാണം, മാസ്ക് നിർമ്മാണം, ഗാർമെന്റ് മേക്കിങ്, കാന്റീൻ എന്നീ പദ്ധതികൾക്കായും വായ്പ നൽകിയിട്ടുണ്ട്. അംഗ സംഘങ്ങൾക്ക് സാധാരണ വായ്പകളും ആവശ്യാനുസരണം നൽകിവരുന്നു. |
| (ബി) | സംസ്ഥാനത്തെ സഹകരണ ബാങ്കിങ് ഭരണരംഗത്ത് വനിത പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കേരള സഹകരണ സംഘം നിയമം വകുപ്പ് 28എ ഉപവകുപ്പ് (1) പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഭരണ രംഗത്ത് വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ആകെ ഭരണ സമിതി അംഗങ്ങളിൽ 3 സീറ്റ് വനിതകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ